ഇ.എം.എസ്. നമ്പൂതിരിപ്പാട്

ഇന്ത്യൻ മാർക്സിസ്റ്റ്-കമ്യൂണിസ്റ്റ് നേതാവും കേരളീയ കമ്യൂണിസത്തിന്റെ താത്ത്വികാചാര്യനും ഐക്യ കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയുമായിരുന്ന ഏലംകുളം മനയ്ക്കൽ ശങ്കരൻ നമ്പൂതിരിപ്പാട് അഥവാ ഇ. എം.എസ്. നമ്പൂതിരിപ്പാടിന്റെ 117ാം ജന്മവാർഷികമാണിന്ന്. ജനാധിപത്യ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഏഷ്യയിലെ ആദ്യത്തെ കമ്യൂണിസ്റ്റ് സർക്കാറിന്റെ തലവനെന്ന നിലയിലും അദ്ദേഹം അറിയപ്പെടുന്നു. ചരിത്രകാരൻ, മാർക്സിസ്റ്റ് തത്ത്വശാസ്ത്രജ്ഞൻ, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിൽ പ്രശസ്തനായ ഇ.എം.എസ് ആധുനിക കേരളത്തിന്റെ ശിൽപികളിൽ പ്രധാനിയാണ്.

നാട്ടുവിശേഷം

സമ്പൂർണ കായിക നഗരമാകാൻ ഒരുങ്ങി ശ്രീകണ്ഠപുരം

ശ്രീകണ്ഠപുരം: നഗരസഭയുടെ 'മിഷൻ 2030' ഭാഗമായി ശ്രീകണ്ഠപുരത്തെ സമ്പൂർണ കായിക നഗരമാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കായിക മേഖലയിലെ സമഗ്ര പുരോഗതിയാണ് ലക്ഷ്യം. ഇതിന് മുന്നോടിയായി ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി നഗരസഭയിൽ ശില്പശാല നടത്തി.

ശ്രീകണ്ഠപുരം നഗരസഭ നടത്തിയ 'സമ്പൂർണ കായിക നഗരം' ശിൽപശാല കില അർബൻ ചെയർ പ്രൊഫ. അജിത് കാളിയത്ത് ഉദ്ഘാടനം ചെയ്യുന്നു

നഗരസഭയെ അഞ്ചുവർഷം കൊണ്ട് സമ്പൂർണ കായിക ക്ഷമത നഗരമാക്കി മാറ്റുന്നതിനുള്ള പദ്ധതികളെപ്പറ്റി ആസൂത്രണം ചെയ്തു. ഇതിനുള്ള ഡി.പി.ആർ. സംസ്ഥാന സർക്കാർ സ്ഥാപനമായ കില വഴി തയാറാക്കും. ശ്രീകണ്ഠപുരം ഉമ്മൻ ചാണ്ടി ഓഡിറ്റോറിയത്തിൽ നടന്ന ശിൽപശാല കില അർബൻ ചെയർ പ്രൊഫ. അജിത് കാളിയത്ത് ഉദ്ഘാടനം ചെയ്തു.

നഗരസഭ ചെയർപേഴ്സൺ ഇ.വി. രാമകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ടി.വി. നാരായണൻ പദ്ധതി വിശദീകരിച്ചു. വൈസ് ചെയർപേഴ്സൺ നിഷിതാ റഹ്മാൻ, സ്ഥിരം സമിതി അധ്യക്ഷന്മാരായ കെ. ബിജു, കെ.വി. കുഞ്ഞിരാമൻ, ത്സാൻസി ജോസഫ് കൊല്ലമന, പി. നൂർദ്ദീൻ, സിന്ധു മധുസൂദനൻ, കൗൺസിലർ ടി.കെ. രത്നകുമാർ, മുൻ ചെയർപേഴ്സൺമാരായ പി.പി. രാഘവൻ, ഡോ. കെ.വി. ഫിലോമിന, രാഷ്ട്രീയപാർട്ടി നേതാക്കന്മാരായ ഒ.വി. ഹുസൈൻ, വർഗീസ് വയലാമണ്ണിൽ, പി.പി. സുനിൽ, വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് ബി.പി. ബഷീർ, വ്യാപാരി വ്യവസായി സമിതി പ്രസിഡന്റ് രാമചന്ദ്രൻ, പ്ലാൻ കോർഡിനേറ്റർ വിജിൽ മോഹനൻ തുടങ്ങിയവർ സംസാരിച്ചു.

ശ്രീകണ്ഠപുരം ഗവ. ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ടി.എൻ. രാജേന്ദ്രൻ, ജെ.എച്ച്.ഐ. സനൽ കുമാർ, പി.എച്ച്.ഐ. പി.വി. സതീശൻ, കായിക അധ്യാപകരായ സണ്ണി, പ്രജു കെ. പോൾ, രാജു മാത്യു, എം.വി. വിജേഷ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

ചെറുപുഴയിൽ ഓട്ടോ സ്റ്റാൻഡിനെ ചൊല്ലി തർക്കം

ചെറുപുഴ: ടൗണിൽ ഓട്ടോറിക്ഷകൾ പാർക്ക് ചെയ്യാൻ ഒരു സ്റ്റാൻഡ് കൂടി അനുവദിച്ചതിന് പിന്നാലെ ഓട്ടോ തൊഴിലാളികൾ തമ്മിൽ തർക്കം. ബസ്റ്റാൻഡിന് മുന്നിൽ നിന്നും പഞ്ചായത്ത് ഓഫിസിലേക്ക് പോകുന്ന റോഡിനോട് ചേർന്നാണ് പുതിയ ഓട്ടോറിക്ഷ സ്റ്റാൻഡ് അനുവദിച്ചത്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട യൂനിയനുകളുമായി രണ്ടുവട്ടം നടത്തിയ ചർച്ചകൾക്കൊടുവിലാണ് സ്റ്റാൻഡ് അനുവദിക്കാൻ തീരുമാനിച്ചത്. വെള്ളി രാവിലെ മുതൽ ഇവിടെ നിന്നും ഓട്ടോറിക്ഷകളുടെ സർവീസ് തുടങ്ങും. എന്നാൽ പുതിയ സ്റ്റാൻഡിനെതിരെ ടൗണിലെ ഒരു വിഭാഗം ഓട്ടോറിക്ഷ തൊഴിലാളികൾ രംഗത്തെത്തി. ബസ്റ്റാൻഡിന് സമീപത്ത് മെയിൻ റോഡിലുള്ള പാർക്കിംഗിൽ ഓട്ടോറിക്ഷകൾ പാർക്ക് ചെയ്ത് സർവീസ് നടത്തുന്ന 45 ഓളം തൊഴിലാളികളുണ്ട്. ഇവരാണ് പ്രതിഷേധവുമായി രംഗത്തെത്തിയത്. പുതിയ ഓട്ടോറിക്ഷ സ്റ്റാൻഡ് തങ്ങളുടെ വരുമാനം നഷ്ടപ്പെടുത്തുമെന്നാണ് ഇവരുടെ പരാതി. പഞ്ചായത്ത് ഭരണസമിതി ഏകപക്ഷിയമായി തീരുമാനം അടിച്ചേൽപ്പിക്കുകയായിരുന്നെന്നും ഇവർ കുറ്റപ്പെടുത്തി. ഓട്ടോ സ്റ്റാൻഡിനെതിരെ പ്രതിഷേധിച്ച തൊഴിലാളികൾ പഞ്ചായത്തിലും ചെറുപുഴ പൊലീസിലും ആർ.ടി.ഒയ്ക്കും പരാതി നൽകി. പുതിയതായി അനുവദിച്ച പാർക്കിങ് കേന്ദ്രത്തിൽ സ്വകാര്യ വാഹനങ്ങൾക്ക് പാർക്കിംഗ് അനുവദിച്ചിരുന്നതാണ്. ഇവിടെ ഓട്ടോറിക്ഷകൾക്ക് പാർക്കിംഗ് അനുവദിച്ചതോടെ വ്യാപാരികൾ ഉൾപ്പെടെയുള്ളവർ വാഹനപാർക്കിങിന് സ്ഥലമില്ലാതെ അലയുന്ന സ്ഥിതിയാണ്.

ചെറുപുഴയിലെ ഓട്ടോ സ്റ്റാൻഡ്

മീഡിയവൺ എ പ്ലസ് മുദ്ര; ഉന്നത വിജയികൾക്ക് അനുമോദനം ഇന്ന്

കണ്ണൂർ: പഠനത്തിൽ മിന്നും പ്രകടനം കാഴ്ചവെച്ചവർക്ക് ആദരമൊരുക്കി മീഡിയവൺ. പത്താംക്ലാസ്, ഹയർസെക്കൻഡറി പരീക്ഷകളിൽ മികച്ച വിജയം നേടിയവർക്കാണ് മീഡിയവൺ എ പ്ലസ് മുദ്രയിലൂടെ ആദരമൊരുക്കുന്നത്. ഇത്തവണത്തെ എസ്.എസ്.എൽ.സി പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയവർക്കാണ് അനുമോദനം.

തുടർച്ചയായി അഞ്ചാം വർഷമാണ് ഉന്നത വിജയം നേടിയ വിദ്യാർഥികളെ അനുമോദിക്കുന്നത്. കേരള, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ ബോർഡുകൾ നടത്തിയ പരീക്ഷകളിൽ മികച്ച വിജയം നേടിയ മിടുക്കർക്ക് എ പ്ലസ് മുദ്ര പുരസ്കാരവും സർട്ടിഫിക്കറ്റും നൽകും.

ശനിയാഴ്ച രാവിലെ 10ന് കണ്ണൂർ നവനീതം ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടിയിൽ മേയർ പി. ഇന്ദിര, എം.എൽ.എമാരായ ടി.ഒ. മോഹനൻ, കെ.വി. സുമേഷ് എന്നിവർ പങ്കെടുക്കും. മെന്റർ എൻജിനീയറിങ് കോളജ്, പ്രോഫിൻസ് എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് മീഡിയവൺ എ പ്ലസ് മുദ്ര സംഘടിപ്പിക്കുന്നത്.

റിപ്പോർട്ടർ ചാനലിന് സി.പി.എം വക്കീൽ നോട്ടീസ്

പയ്യന്നൂർ: സി.പി. എം പയ്യന്നൂർ ഏരിയ കമ്മറ്റി റിപ്പോർട്ടർ ചാനലിനെതിരെ നിയമ നടപടിക്ക്. പാർട്ടിക്കും ഏരിയ സെക്രട്ടറി ഉൾപ്പെടെ നേതാക്കൾക്കുമെതിരെ വ്യാജ വാർത്തകൾ നൽകുന്നതായി ആരോപിച്ചാണ് നടപടി. നേതാക്കൾ പങ്കെടുക്കുന്ന ബ്രാഞ്ച് യോഗങ്ങൾ പാർട്ടി മെമ്പർമാർ ബഹിഷ്കരിക്കുന്നുവെന്ന നിലയിലുള്ള വാർത്തയാണ് കഴിഞ്ഞ ദിവസം സംപ്രേഷണം ചെയ്തത്.

പയ്യന്നൂർ ഏരിയയിൽ തെരഞ്ഞെടുപ്പ് സംബന്ധിച്ച പരിശോധനക്കായി ചേരുന്ന ബ്രാഞ്ച് യോഗങ്ങൾ അവസാനഘട്ടത്തിലാണ്. ഏതെങ്കിലും ഒരു ബ്രാഞ്ച് യോഗം ബഹിഷ്കരണംകൊണ്ട് മാറ്റിവെക്കേണ്ട സ്ഥിതിയുണ്ടായിട്ടില്ല. വസ്തുതവിരുദ്ധ വാർത്തകൾ നിരന്തരം സംപ്രേഷണം ചെയ്ത് പാർട്ടിയെ ജനമധ്യത്തിൽ ഇകഴ്ത്തി കാട്ടാനും തകർക്കാനുമുള്ള ബോധപൂർവമായ ശ്രമങ്ങളാണ് നടക്കുന്നതെന്നും സി.പി.എം പറയുന്നു. ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവർക്കെതിരെ പാർട്ടി വക്കീൽ നോട്ടീസ് അയച്ചു. ചാനൽ കണ്ണൂർ ബ്യൂറോ റിപ്പോർട്ടർ അർജുൻ കല്യാട്, കൺസൾട്ടിങ് എഡിറ്റർ അരുൺ കുമാർ, മാനേജിങ് എഡിറ്റർ ആന്റോ അഗസ്റ്റിൻ എന്നിവർക്കെതിരെയാണ് അഡ്വ. കെ. വിജയകുമാർ മുഖേന നോട്ടീസ് അയച്ചത്.

കനറാ ബാങ്ക് कैनरा बैंक Canara Bank
सिंडिकेट Syndicate

കനറാ ബാങ്ക്, സ്പെഷ്യലൈസ്ഡ് എ. ആർ. എം. ശാഖ, കോഴിക്കോട്,
നാഷണൽ ആശുപത്രിക്ക് എതിർവശം, ഫാറ ബിൽഡിംഗ്, രൂചി ഭവന് സമീപം, മാവൂർ റോഡ്, കോഴിക്കോട്- 673001
Email:cb7594@canarabank.com, Ph: 9188406941

വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സമെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 റൂൾ 8(6) & 9 പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപ്പന നോട്ടീസ്.

കനറാ ബാങ്ക്, കോഴിക്കോട്, എ.ആർ.എം.ശാഖയ്ക്ക് താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള രൂപയ്ക്കും പലിശയ്ക്കും മറ്റ് ചിലവുകൾക്കും വേണ്ടി ബാങ്കിൽ പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **കനറാ ബാങ്കിന്റെ** അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പ്രത്യക്ഷമായി/ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കളുടെ നിലവിലുള്ള സ്ഥിതിയിൽ അതായത് **"എവിടെയൊണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതികളിൽ വിൽപ്പന നടത്തുന്ന വിവരം വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിച്ചു കൊള്ളുന്നു.

1 വായ്പക്കാർ/സഹ വായ്പക്കാരുടെ പേരും വിലാസവും: (1) **M/s മൈഡോസ് പ്രോട്ടീൻ പ്രൈവറ്റ് ലിമിറ്റഡ്**, 7 577 അനുപൂർ റോഡ് വിൻഡ് മില്ലിന് സമീപം, ഒഴലപ്പതി പി.ഒ., പാലക്കാട്- 678 557, (2) **ശ്രീ. ബാലചന്ദ്രൻ എസ്**, S/o ശങ്കരൻകുട്ടി 10/95-5, ബൽസ്യ, ജി 15 റോസ് ഗാർഡൻ മട്ടുമന്ത, സിഎൻ പുരം, പാലക്കാട്- 678005, (3) **ശ്രീമതി. ലൂസി ബാലചന്ദ്രൻ**, W/o ബാലചന്ദ്രൻ ബൽസ്യ, ഉദയനഗർ പുതുശ്ശേരി പി.ഒ., പാലക്കാട്- 678623, (4) **ശ്രീ. ജോയ് യു.ടി**, S/o തോമസ്, ഉറുകുഴിയിൽ വീട്, ഇടവരമ്പ് പി.ഒ, ചെറുപുഴ, തളിപറമ്പ്, കണ്ണൂർ- 670511

കുടിശ്ശിക തുക: 11/06/2026ലെ **രൂപ 8,50,62,471.48 (എട്ട് കോടി അൻപത് ലക്ഷത്തി അറുപത്തി രണ്ടായിരത്തി നാന്നൂറ്റി എഴുപത്തിയൊന്ന് രൂപ നാൽപ്പത്തിയെട്ട് പൈസ)** യും പലിശയും മറ്റ് ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിശദവിവരണം: കണ്ണൂർ ജില്ലയിൽ, പയ്യന്നൂർ താലൂക്കിൽ, പുളിങ്ങോം വില്ലേജിൽ, സർവേ നം.127/3165 ൽ പെട്ട ശ്രീ.ജോയ് യു.റ്റി വക 0.8094 ഹെക്ടർ സ്ഥലവും മറ്റ് കുഴുക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്**: കൊടിമരത്തുമൂട്ടിൽ, ചാലിൽ അബൂബക്കർ വക വസ്തു, **തെക്ക്**: ഉരുകുഴിയിൽ ജോസഫ് വക വസ്തു, **കിഴക്ക്**: ഉരുകുഴിയിൽ തങ്കച്ചൻ വക വസ്തു & വഴി, **പടിഞ്ഞാറ്**: വടക്കേപറമ്പിൽ കുട്ടിച്ചൻ & പുറമ്പോക്കര ജോസ് വക വസ്തു

തറവില: രൂപ 11,80,000/-	നിരതദ്രവ്യം: രൂപ 1,18,000/-

2 വായ്പക്കാർ/സഹ വായ്പക്കാരുടെ പേരും വിലാസവും: (1) **M/s മുകളേൽ റബ്ബേഴ്സ്**, പ്രതിനിധാനം ചെയ്യുന്ന പ്രൊപ്രൈറ്റർ ശ്രീ.സുബിൻ എൻ.ബി, നെല്ലിക്കുട്ടി, എരുവേശ്ശി, കണ്ണൂർ- 670 632 (2) **ശ്രീ. സുബിൻ എം. ബി**, S/o ശ്രീ.ഭാസ്ക്കരൻ എം.കെ, കാവുമ്പായി, കൂട്ടുമുഖം, നെടിയെങ്ങ, ശ്രീകണ്ഠപുരം, കണ്ണൂർ- 670 631 (3) **ശ്രീമതി. ശരണ്യ**, W/o സുബിൻ എം. ബി, S/o ശ്രീ.ഭാസ്ക്കരൻ എം.കെ, കാവുമ്പായി, കൂട്ടുംമുഖം, നെടിയെങ്ങ, ശ്രീകണ്ഠപുരം, കണ്ണൂർ- 670 631, (4) **ശ്രീമതി. മീനാക്ഷി എം. എ**, പാറപ്പള്ളിൽ തൊണ്ടിക്കുഴി, കാർത്തികാപുരം പി.ഒ, ആലക്കോട്, കണ്ണൂർ- 670 571

കുടിശ്ശിക തുക: 10.06.2026 ലെ **രൂപ 96,96,507.55 (തൊണ്ണൂറ്റിയാറ് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി അഞ്ഞൂറ്റിയേഴ് രൂപ അൻപത്തിയഞ്ച് പൈസ)**യും പലിശയും മറ്റ് ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിശദവിവരണം: ഐറ്റം നം.1: കണ്ണൂർ ജില്ലയിൽ, തളിപറമ്പ് താലൂക്കിൽ, ഉദയഗിരി വില്ലേജിൽ ശ്രീ.സുബിൻ എം.ബി വക സർവേ നം.53/1482 (പഴയ സർവേ നം. 53/1A) ൽ പെട്ട 14.57 ആർസ് വസ്തുവും അതിലിരിപ് താമസയോഗ്യമായ കെട്ടിടവും (നം.UP 14/161) മറ്റ് ചമയങ്ങളും. **അതിരുകൾ : കിഴക്ക്**: അരുവി, **വടക്ക്**: പുളിത്തറക്കിൽ മനോജ് വക വസ്തു, **പടിഞ്ഞാറ്**: പഞ്ചായത്ത് റോഡ്, **തെക്ക്**: നിങ്ങളുടെ കൈവശം വസ്തു.
ഐറ്റം നം. 2: കണ്ണൂർ ജില്ലയിൽ, തളിപറമ്പ് താലൂക്കിൽ, ഉദയഗിരി വില്ലേജിൽ ശ്രീ.സുബിൻ എം.ബി വക സർവേ നം.53/1A (പുതിയ സർവേ നം.53/2730) ൽ പെട്ട 20.23 ആർസ് വസ്തുവും മറ്റ് ചമയങ്ങളും. **അതിരുകൾ : കിഴക്ക്**: അരുവി, **വടക്ക്**: മീനാക്ഷി വക വസ്തു, **പടിഞ്ഞാറ്**: പൂവഞ്ചാൽ മാവുംതട്ട് പഞ്ചായത്ത് റോഡ്, **തെക്ക്**: നിങ്ങളുടെ കൈവശം വസ്തു.

തറവില: രൂപ 45,50,000/-	നിരതദ്രവ്യം: രൂപ 4,55,000/-

ഇ-ലേല തീയതിയും സമയവും: ക്രമ നം.1ന് **14-07-2026,** ഉച്ചയ്ക്ക് 12.00 നും 01.00 നും ക്രമ നം.2ന് **18-07-2026,** രാവിലെ 11.30 നും ഉച്ചയ്ക്ക് 12.30 നും മദ്ധ്യേ (5 മിനിറ്റ് വീതം പരിധിയില്ലാത്ത എക്സ്റ്റൻഷൻ, വിൽപ്പന അവസാനിക്കുന്നത് വരെ)

നിരതദ്രവ്യം അടയ്ക്കേണ്ട അവസാന തീയതി: ക്രമ നം.1ന് **14-07-2026**ന് ഉച്ചയ്ക്ക് 12.00ന് മുൻപ് & ക്രമ നം.2ന് **18-07-2026**ന് രാവിലെ 11.30ന് മുൻപ്

വസ്തു പരിശോധന തീയതിയും സമയവും : അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതിയോടുകൂടി രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ

വിൽപ്പനയെക്കുറിച്ചുള്ള വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കനറാ ബാങ്കിന്റെ www.canarabank.bank.in എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള "ഇ-ഓക്ഷൻ" ലിങ്കിൽ ദയവായി സന്ദർശിക്കുകയോ അല്ലെങ്കിൽ ബാങ്കിന്റെ പ്രവൃത്തി സമയങ്ങളിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കനറാ ബാങ്ക്, കോഴിക്കോട് എ. ആർ. എം. ശാഖയുമായോ ബന്ധപ്പെടേണ്ടതാണ്. ഇ-മെയിൽ: cb7594@canarabank.com, Ph:9188406941

ഇ-ഓക്ഷൻ പോർട്ടൽ : https://baanknet.com

തീയതി : 11.06.2026, 10.06.2026
സ്ഥലം : കോഴിക്കോട്
(ഒപ്പ്) അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ,
കനറാ ബാങ്ക്

ബിരുദ, പി.ജി ഡിപ്ലോമ പ്രവേശനം: രജിസ്ട്രേഷൻ നീട്ടി

കണ്ണൂർ: ജാമിഅ ഹംദർദ് കണ്ണൂർ കാമ്പസിൽ നടത്തുന്ന ബിരുദ പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ 19വരെ നീട്ടി. റാങ്ക് ലിസ്റ്റ് ജൂൺ 23ന് പ്രസിദ്ധീകരിക്കും. അഡ്മിഷൻ ജൂൺ 29 മുതൽ ജൂലൈ രണ്ടുവരെ നടക്കും. ആദ്യഘട്ട അഡ്മിഷനിൽ ഒഴിവ് വരുന്ന സീറ്റുകളിൽ റാങ്ക് ക്രമപ്രകാരം അഡ്മിഷൻ നൽകും. പി.ജി ഡിപ്ലോമ പ്രോഗ്രാമുകൾക്ക് 25വരെ അപേക്ഷിക്കാം

വെബ്സൈറ്റ്: www.jhk.ac.in, ഫോൺ: 0497 2732922, 9947135922

ജനവാസമേഖലയിൽ രാജവെമ്പാലയെ പിടികൂടി

കേളകം: ഇല്ലിമുക്കിൽ ജനവാസമേഖലയിൽനിന്ന് കൂറ്റൻ രാജവെമ്പാലയെ പിടികൂടി. ഇല്ലിമുക്ക് സ്വദേശി ചോടത്തിൽ ശിവന്റെ വീട്ടുപറമ്പിലാണ് രാജവെമ്പാലയെ കണ്ടെത്തിയത്.

എ.ഐ റോബോട്ടിക് ലാബ്

പിലാത്തറ: കേരളത്തിലെ സർക്കാർ യു.പി വിദ്യാലയങ്ങളിലെ രണ്ടാമത്തെഎ.ഐ റോബോട്ടിക് ലാബ് കുഞ്ഞിമംഗലം ഗവ. സെൻട്രൽ യു.പി സ്കൂളിൽ ഒരുങ്ങി.

ലാബിന്റെ ഉദ്ഘാടനം 16ന് രാവിലെ 11ന് എം. വിജിൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും. എം.എൽ.എയുടെ ആസ്തിവികസന ഫണ്ടും നോർത്ത് അമേരിക്കൻ മലയാളി അസോസിയേഷൻ നന്മയുടെ സഹായത്തോടെയുമാണ് പദ്ധതി നടപ്പിലാക്കുന്നത്. തിരൂർ ആസ്ഥാനമായ കൊക്കോസ് എന്ന സ്റ്റാർട്ടപ് കമ്പനിയാണ് ഇതിനുള്ള സാങ്കേതിക സഹായം നൽകുന്നത്.

വിദ്യാർഥികൾക്ക് എ.ഐ, റോബോട്ടിക്സ് എന്നിവയിൽ പ്രായോഗിക പരിശീലനവും ആഴത്തിലുള്ള അറിവും നേടാൻ സാധിക്കുന്ന നിലയിലാണ് പദ്ധതി മണ്ഡലത്തിൽ ആരംഭിക്കുന്നത്. സാങ്കേതിക വിദ്യകളെക്കുറിച്ച് മനസ്സിലാക്കുന്നതിലൂടെ കുട്ടികൾക്ക് പുതിയലോകത്ത് അതിജീവിക്കാനുള്ള കഴിവുകൾ നേടാനാകുമെന്ന് പ്രതീക്ഷിക്കുന്നതായി എം.വിജിൻ എം.എൽ.എ വാർത്ത സമ്മേളനത്തിൽ അറിയിച്ചു.

വാർത്തസമ്മേളനത്തിൽകൊക്കോസ് ചീഫ് പ്രോജക്ട് ഓഫിസർ സുരജ് രാജൻ, പ്രധാനാധ്യാപകൻ എം.വി. വിനോദ് കുമാർ, പി.ടി.എ പ്രസിഡന്റ് യു.സത്യൻ എന്നിവർ പങ്കെടുത്തു.

ബാരാപോൾ മിനി ജലവൈദ്യുതി പദ്ധതി

ഉൽപാദനം പുനരാരംഭിക്കാൻ ധാരണ

● അപകടഭീഷണിയിലായ കുടുംബങ്ങളുടെ ഭൂമി ഏറ്റെടുക്കും

ഇരിട്ടി: ബാരാപോൾ മിനി ജലവൈദ്യുതി പദ്ധതിയുടെ കനാലിൽ രൂപംകൊണ്ട ഗർത്തത്തെ തുടർന്ന് ഒരുവർഷമായി വൈദ്യുതി ഉൽപാദനം നിർത്തിവെച്ച പദ്ധതിയിൽനിന്ന് വീണ്ടും വൈദ്യുതി ഉൽപാദിപ്പിക്കാൻ ധാരണ. വൈദ്യുതിമന്ത്രി സണ്ണി ജോസഫും ഉന്നത ഉദ്യോഗസ്ഥരും ജനപ്രതിനിധികളും നാട്ടുകാരുമായി നടത്തിയ ചർച്ചയിലാണ് തീരുമാനം. പദ്ധതിപ്രദേശം സന്ദർശിച്ച മന്ത്രി അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി നിർത്തിവെച്ച ഉൽപാദനം പുനരാരംഭിക്കാനുള്ള നിർദേശം നൽകി. പ്രദേശവാസികളുടെ പരാതികൾ വിശദമായികേട്ട മന്ത്രി ജനങ്ങളുടെ സുരക്ഷക്കൊപ്പം ഉൽപാദനം പുനരാരംഭിക്കേണ്ടതും പ്രധാനമാണെന്ന് യോഗത്തെ ധരിപ്പിച്ചു. ചർച്ചയുടെ അടിസ്ഥാനത്തിൽ ചോർച്ചയെ തുടർന്ന് മാറ്റിപ്പാർപ്പിച്ച രണ്ട് കുടുംബങ്ങൾക്ക് മുടങ്ങിക്കിടന്ന വീട്ടുവാടക പുനഃസ്ഥാപിച്ച് നൽകും.

കനാലിലെ ചോർച്ച കാരണം അപകടഭീഷണിയിലായ ആറോളം കുടുംബങ്ങളെ ആവശ്യമെങ്കിൽ മാറ്റിപ്പാർപ്പിക്കും. ഇവരുടെ ഭൂമി ഏറ്റെടുക്കുന്ന ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ആരംഭിക്കുവാനും മന്ത്രി നിർദേശം നൽകി.

ബാരാപോൾ പദ്ധതി പ്രദേശം വൈദ്യുതി മന്ത്രി സണ്ണി ജോസഫ് സന്ദർശിക്കുന്നു

കനാലിലൂടെ ജലം ഒഴുക്കി വിടുമ്പോൾ ചോർച്ച കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിക്കുന്നതായി ശ്രദ്ധയിൽപെട്ടാൽ ഉടൻതന്നെ അടിയന്തര നടപടികൾ നടത്തുമെന്ന് മന്ത്രി ഉറപ്പുനൽകി. ഘട്ടം ഘട്ടമായി പൂർണതോതിൽ കനാൽ നവീകരിക്കും. ഇതിനുള്ള പഠന റിപ്പോർട്ട് ലഭിച്ചാൽ ഉടൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. അയ്യങ്കുന്ന് പഞ്ചായത്ത് പ്രസിഡന്റ് മിനി വിശ്വനാഥൻ അധ്യക്ഷത വഹിച്ചു. വൈദ്യുതി ജനറേഷൻ ഡയറക്ടർ എം.പി. രാജൻ, ചീഫ് എൻജിനീയർ വി. വിനോദ്, ഡെപ്യൂട്ടി ചീഫ് എൻജിനീയർ ഇ.കെ. സിന്ധു, ജെയ്സൺ കാരക്കാട്, ബേബി തോലാനി, ജെയിംസ് ടി. മാത്യു തുടങ്ങിയവർ സംബന്ധിച്ചു.

ദേശീയ സാംസ്കാരികോത്സവത്തിലേക്ക് ഹർഷിതും ദിൽദേവും നിരഞ്ജനും

പയ്യന്നൂർ: കളരിപ്പയറ്റിലും ചരടുകുത്തിക്കളിയിലും കോൽക്കളിയിലും പയ്യന്നൂരിന് അഭിമാനമായി എം. കെ.ഹർഷിതും, ഇ.ദിൽദേവും, പി.കെ നിരഞ്ജനും ദേശീയ സാംസ്കാരികോത്സവത്തിലേക്ക്. ഹൈദരാബാദ് സി. സി ആർ.ടി റീജിയണൽ സെന്ററിൽ 15 മുതൽ 21 വരെ നടക്കുന്ന ദേശീയ സംസ്കാരികോത്സവത്തിൽ പരിപാടികൾ അവതരിപ്പിക്കുന്നതിനാണ് പയ്യന്നൂർ യോദ്ധാ കളരിപ്പയറ്റ് അക്കാദമിയിലെ വിദ്യാർഥികളായ ഇവർക്ക് ക്ഷണം ലഭിച്ചത്.

ദേശീയ സാംസ്കാരികോത്സവത്തിൽ പങ്കെടുക്കാൻ ക്ഷണം ലഭിച്ച എം. കെ.ഹർഷിത്, ഇ.ദിൽദേവ്, പി.കെ നിരഞ്ജൻ

കേന്ദ്രസാംസ്കാരിക വകുപ്പിന്റെ സി. സി. ആർ. ടി വിദഗ്ധ സംഘത്തിന് മുന്നിൽ പ്രകടനം കാഴ്ചവച്ചാണ് ഇവർ യോഗ്യത നേടിയത്.

കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ കൾച്ചറൽ ടാലന്റ് സെർച്ച് സ്കോളർഷിപ്പ് 2021 മുതൽ ഇവർക്ക് ലഭിക്കുന്നുണ്ട്. ദേശീയ അന്തർദേശീയ വേദികളിൽ കളരിപ്പയറ്റ്, ചരടുകുത്തിക്കളി, കോൽക്കളി ഇവർ അവതരിപ്പിച്ചിട്ടുണ്ട്. പ്രശസ്ത കളരിപ്പയറ്റ് ഗുരു ഡോ. എ. കെ. വേണുഗോപാലിന്റെ ശിഷ്യരാണ്. പയ്യന്നൂർ ഫയർസ്റ്റേഷനിലെ സീനിയർ ഓഫിസറായ പി. ശ്രീനിവാസനെയും ആരോഗ്യ വകുപ്പിലെ ജീവനക്കാരിയായ അന്നൂർ പാതിക്കാരൻ വീട്ടിലെ എം. കെ. ചിത്രലേഖയുടെയും മകനാണ് ഹർഷിത്.

പയ്യന്നൂർ ആന്ധ്രവീട്ടിലെ റിട്ട. ഹവിൽദാർ ടി.വി. ബാലകൃഷ്ണന്റെയും ലാസ്യകലാക്ഷേത്രത്തിലെ അസിസ്റ്റന്റ് പ്രഫസറും പ്രസിദ്ധ നർത്തകിയുമായ ഡോ. ഇ.വിദ്യാലക്ഷ്മിയുടെയും മകനാണ് ദിൽദേവ്. അന്നൂർ ചുവാട്ട വീട്ടിലെ റിട്ട. നഴ്സിങ് അസിസ്റ്റന്റായ ബാബു രാജിന്റെയും ചീമേനി പ്ലാന്റേഷൻ കോർപ്പറേഷനിലെ ജീവനക്കാരിയായ പി. കെ. സിന്ധുവിന്റെയും മകനാണ് നിരഞ്ജൻ.

അശാസ്ത്രീയ മാലിന്യ സംസ്കരണം; രണ്ട് സ്ഥ